# ബ്രിട്ടീഷ് സർക്കാരും ബ്ലൂസ്റ്റാർ ഓപ്പറേഷനും

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വിവാദപരമായ പ്രവൃത്തിയായി 1984 ലെ ഓപ്പറേഷൻ ബ്ലൂസ്റ്റാർ ഓർമിക്കപ്പെടും. അകാലിക്കളുടെ പുരോഗമനപരമായ ശക്തിപ്പെടൽ തടയാൻ ഒരുകൂട്ടം തീവ്രവാദികളെ പ്രോത്സാഹിപ്പിച്ചതാണ് സംഭവത്തിനാധാരം. ആയുധക്കൂമ്പാരവുമായി സുവർണ ക്ഷേത്രത്തിൽ തമ്പടിച്ച എണ്ണമറ്റ തീവ്രവാദികളെ കൈകാര്യം ചെയ്യുന്നതിന്പകരം കേന്ദ്രസർക്കാർ മറ്റു ചിലത് ചെയ്തു. സിഖ് വിഭാഗത്തിലെ പുരോഗമനക്കാരായ രാഷ്ട്രീയ നേതാക്കളെ അവഗണിച്ചും 1984 ലെ നിർദ്ദിഷ്ട പൊതു തെരഞ്ഞെടുപ്പിന് മുമ്പ് തീവ്രവാദികളുമായി പോലീസ് സൈനിക ഏറ്റുമുട്ടൽ നടത്തി ദേശസ്നേഹത്തിന്റെ പേരു പറഞ്ഞ്, ഭീകരതയെ അടിച്ചമർത്തിയെന്നവകാശപ്പെട്ട് തെരഞ്ഞെടുപ്പ് വിജയം ഉറപ്പാക്കാമെന്നായിരുന്നു സർക്കാരിന്റെ ലക്ഷ്യം.

അന്ന് കേന്ദ്ര സർക്കാരിന്റെ ഭാഗമായിരുന്നവർ വേറിട്ട രീതിയിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഡോ.പി.സി.അലക്സാണ്ടറുടെ ഓർമകൾ പ്രകാശനം ചെയ്ത വേളയിൽ ഞാനുണ്ടായിരുന്നു. 1984 മെയ്-ജൂൺ മാസത്തിൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നു അദ്ദേഹം. സംഭവത്തിന്റെ ഏറ്റവും നല്ല സാക്ഷി. അതിൽ ഒരധ്യായത്തിൽ അദ്ദേഹം പറയുന്നുണ്ട്, ലോംഗോവാളും പി.സി.അലക്സാണ്ടറും തമ്മിലുള്ള ചർച്ച പരാജയപ്പെട്ടതിനെ തുടർന്നാണ് സൈനിക നീക്കത്തിന് തയ്യാറാകാൻ 1984 മെയ് അവസാനം ജനറൽ വൈദ്യ ആഹ്വാനം ചെയ്തത് എന്ന്. രാജ്യത്തെ ഏറ്റവും വലിയ ദേശസ്നേഹികളുടെ സമൂഹമായ സിഖുകൾക്കെതിരായി ഒരു സൈനിക നീക്കം നടത്തുന്നതിന് മുമ്പ് അതുണ്ടാക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് സർക്കാർ രാഷ്ട്രീയവും രഹസ്യാന്വേഷണ പരമായ വിവരങ്ങൾ വേണ്ട വിധം ശേഖരിച്ചിരുന്നുവോ. ഒരിക്കലും അത് ഇന്ത്യാ സർക്കാരിന്റെ പരിഗണനയില്ലായിരുന്നു. ഓപ്പറേഷൻ ബ്ലൂസ്റ്റാറിന്റെ ദുരന്ത ഫലം സിഖ് സമൂഹത്തെ ദേശീയ ധാരയിൽനിന്ന് ഒറ്റപ്പെടുത്തിയതു മാത്രമല്ല ഇന്ദിരാഗാന്ധിയുടെ വധവും തുടർന്നുണ്ടായ സിഖ് കൂട്ടക്കൊലയും കൂടിയായിരുന്നു.

വിവാദമായ ഓപ്പറേഷൻ ബ്ലൂസ്റ്റാറിനെക്കുറിച്ചുള്ള കോടതി വിധിയെക്കുറിച്ച് ഇന്ത്യയിൽ ചർച്ചകൾ നടക്കുമ്പോൾ ഈ വിഷയത്തിൽ കൂടുതൽ വ്യത്യസ്തമായ വെളിച്ചം പകരുന്നതാണ് ബ്രിട്ടനിൽ പുറത്തുവന്ന ചില രേഖകൾ. 30 വർഷത്തിനുശേഷമാണ് അവിടുത്തെ രഹസ്യരേഖ പരസ്യമാകുന്നത്. 1984 ഫെബ്രുവരിയിലെ രേഖകൾ ഇപ്പോൾ ലഭ്യമാണ്. ഇത് മുമ്പ് പരമരഹസ്യരേഖകളായിരുന്നു.

പത്താം നമ്പർ ഡൗണിംഗ് സ്ട്രീറ്റിലെ പ്രിൻസിപ്പൽ സെക്രട്ടറി 1984 ഫെബ്രുവരി 6 ന് ഫോറിൻ ആന്റ് കോമൺവെൽത്ത് ഓഫീസിലെ ബ്രയാൻ ഫാളിന് സുവർണക്ഷേത്രത്തിലെ കുഴപ്പക്കാരെ നീക്കം ചെയ്യുന്നത് സംബന്ധിച്ചുള്ള പദ്ധതികളെക്കുറിച്ച് എഴുതിയിരിക്കുന്നു. അദ്ദേഹം എഴുതുന്നു, "വിദേശകാര്യ സെക്രട്ടറി, നിർദ്ദേശിച്ചതുപോലെ മുന്നോട്ട് പോകണമെന്ന് പ്രധാനമന്ത്രി ആഗ്രഹിക്കുന്നു. ഈ പദ്ധതിയുമായി മുന്നോട്ടു പോകാൻ ഇന്ത്യൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഉപദേശക്കുറിച്ച് എന്താണ് അഭിപ്രായം എന്നും അറിയുവാൻ പ്രധാനമന്ത്രി കാത്തിരിക്കുന്നു" വെന്ന്. ബ്ലൂസ്റ്റാർ ഓപ്പറേഷൻ ബ്രിട്ടീഷ് ഉപദേശപ്രകാരമായിരുന്നോ? 1984 മെയ് മാസത്തിലെ ചർച്ചകൾ പരാജയപ്പെട്ടതിനെത്തുടർന്നാണ് സൈനികനടപടിക്ക് നീങ്ങിയതെന്ന് നമ്മെ ധരിപ്പിച്ചിരുന്നതിൽനിന്ന് വ്യത്യസ്തമായി, സുവർണ ക്ഷേത്രത്തിൽനിന്ന് വിമത സിഖുകാരെ ഒഴിപ്പിക്കാൻ ബ്രിട്ടന്റെ പദ്ധതിപ്രകാരം പ്രവർത്തിച്ചുവെന്നാണിപ്പോൾ വ്യക്തമാകുന്നത്. ഈ കത്ത് 23-2-1984 ൽ ആഭ്യന്തര സെക്രട്ടറിക്ക് ബ്രയാൻ ഫാൾ എഴുതിയ കത്തിന്റെ തുടർച്ചയാണ്. ആ കത്തിൽ ഇംഗ്ലണ്ടിലെ സിഖ് സമൂഹത്തിനു മേൽ ഉണ്ടാകാവുന്ന സ്വാധീനത്തെക്കുറിച്ച് പറയുന്നു. കത്ത് പറയുന്നതിങ്ങനെയാണ്, "അമൃതസറിലെ സുവർണ ക്ഷേത്രത്തിൽനിന്ന് വിമതസിഖുകാരെ ഒഴിപ്പിക്കുന്നതിന് ഇന്ത്യൻ സർക്കാർ ബ്രിട്ടീഷ് ഉപദേശം ചോദിച്ചു. വിദേശകാര്യ സെക്രട്ടറി അനുകൂലമായി പ്രതികരിക്കാൻ തീരുമാനിക്കുകയും പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒരു എസ്എഡി ഓഫീസർ ഇന്ത്യ സന്ദർശിച്ച് പദ്ധതി തയ്യാറാക്കി അതിന് ഇന്ദിരാഗാന്ധിയുടെ അംഗീകാരം വാങ്ങുകയും ചെയ്തു. ആ പദ്ധതി വൈകാതെ ഇന്ത്യ നടപ്പാക്കുമെന്നാണ് വിദേശകാര്യ സെക്രട്ടറി കരുതുന്നത്." 30 വർഷത്തിനുശേഷം പുറത്തുവന്ന ഈ രഹസ്യരേഖ വ്യക്തമാക്കുന്നത് ഇന്ദിരാഗാന്ധിയുടെ പ്രവർത്തനങ്ങൾക്കെല്ലാം പിറകിൽ വിദേശ കരങ്ങൾ ഉണ്ടായിരുന്നുവെന്നാണ്. ഇന്ത്യൻ സൈന്യത്തെ ഇത് സംബന്ധിച്ച് അറിയിച്ചത് 1984 മെയ് ഒടുവിൽ മാത്രമാണ്. ഇത് സംബന്ധിച്ച് രാഷ്ട്രീയ ചർച്ച സർക്കാരിൽ നാമമാത്രമായിരുന്നു. ഈ വിഷയത്തിൽ മറ്റു രാജ്യങ്ങളുടെ ഉപദേശം തേടിയിട്ടുണ്ടോ? 1984 ഫെബ്രുവരിയിൽ ബ്രിട്ടീഷ് സർക്കാരുമായി ഇതേക്കുറിച്ച് ആലോചിച്ചുവെന്ന് പറയുമ്പോൾ അതിനർത്ഥം പ്രശ്നം മുളയിലേ നുള്ളുന്നതിന് സർക്കാരിന് താൽപ്പര്യമില്ലായിരുന്നുവെന്നാണ്, തീവ്രവാദികളെ ഒഴിപ്പിക്കാൻ ബദൽ മാർഗമൊന്നും ആരാഞ്ഞില്ല എന്നാണ്. വിശ്വാസത്തിന്റെ കേന്ദ്രമായ സുവർണ ക്ഷേത്രത്തിൽ അത്തരമൊരു സൈനിക നീക്കം നടത്തുന്നത് സിഖ് സമൂഹത്തിന്റെയും ദേശീയ താൽപ്പര്യത്തിന്റെയും വിരുദ്ധമായ പ്രവൃത്തിയാകുമെന്ന കാര്യം അവർ പരിഗണിച്ചതേയില്ല.

പ്രസിദ്ധീകരിച്ച ചില ബ്രിട്ടീഷ് രേഖകൾ ഇപ്പോൾ ലഭ്യമാണ്. 30 വർഷ കാലാവാധിയെന്ന മാനദണ്ഡം വച്ച് വരുംനാളുകളിൽ കൂടുതൽ രേഖകൾ പുറത്തുവരും. യഥാർത്ഥ വസ്തുതകൾ എന്തായിരുന്നുവെന്ന് രാജ്യത്തെ ധരിപ്പിക്കാൻ ഇന്ത്യാ സർക്കാരിന് സമയമായിരിക്കുന്നു. ഓപ്പറേഷൻ ബ്ലൂസ്റ്റാർ തന്ത്രപരമായ ഒരു തെറ്റിദ്ധാരണയായിരുന്നോ എന്ന് ഇന്ത്യൻ ജനതക്ക് തിരിച്ചറിയാൻ അത് ഉപകരിച്ചേക്കും.